26.06.2019-ൽ ജയിൽ മേധാവി ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഈ ഉദ്യോഗസ്ഥൻ അന്വേഷണം നടത്തിവരുന്നു.

കൊടുവള്ളി സംഭവത്തെക്കുറിച്ച് അദ്ദേഹം പരാതി നൽകിയാൽ അതുമായി ബന്ധപ്പെട്ട് ഗൗരവമായി അന്വേഷിക്കാം.

## (10) പാരിസ്ഥിതിക പ്രശ്നം

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, പറവൂരിൽ കെ.എസ്.ഇ.ബി.എൽ. കെ.വി. ലൈൻ വലിക്കുന്നതുമായി ബന്ധപ്പെട്ട് വർഷങ്ങളായി പാരിസ്ഥിതിക പ്രാധാന്യം നിലനിൽക്കുന്ന ഒരു സ്വാഭാവിക വനം, ശാന്തിവനം തകർത്തതുമായി ബന്ധപ്പെട്ട് കേരളത്തിന്റെ ശ്രദ്ധ മുഴുവൻ ആകർഷിച്ചൊരു സമരം നടന്നതാണ്. പ്രകൃതിസ്നേഹികളായ ഒരു കുടുംബം കഴിഞ്ഞ നാലുതലമുറകളായി, നാഷണൽ ഹൈവേയുടെ പരിസരത്ത് 35-40 കോടിയോളം രൂപ വിലയുള്ള ഭൂമി സ്വാഭാവിക വനമായി സംരക്ഷിച്ചുവരികയായിരുന്നു. കെ.വി. ലൈൻ വലിക്കുന്നതിന് ഞങ്ങളാരും എതിരല്ല, ഞാൻ അവിടത്തെ ജനപ്രതിനിധിയാണ്, ഞങ്ങളെല്ലാം അതിന് പൂർണ്ണമായും പിൻതുണ കൊടുത്തതാണ്, കെ.വി. ലൈൻ വലിക്കേണ്ടതാണ്. കെ.എസ്.ഇ.ബി.എൽ. ചെയ്തത് ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി അറിയണം, ഈ സ്ഥലത്തിന്റെ തൊട്ടരികിൽ ലൈൻ വലിക്കാൻ സാധ്യതയുണ്ടായിരുന്നു. എ.ഡി.എം.-ന്റെ യോഗത്തിൽ അങ്ങനെയൊരു അഭിപ്രായം വന്നതാണ്. ആ സ്ഥലത്തിന്റെ അരികിൽക്കൂടി ലൈൻ വലിക്കാനുള്ള അലൈൻമെന്റുണ്ടായിട്ടും അത് ചെയ്യാതെ ഈ രണ്ടേക്കർ സ്ഥലത്തിന്റെ, സ്വാഭാവിക വനത്തിന്റെ നടുവിലൂടെയാണ് ലൈൻ വലിച്ചത്. ലൈൻ വലിക്കുക മാത്രമല്ല, ഇതിന്റെ ടവർ ഉണ്ടാക്കാൻ ഞങ്ങൾക്ക് മുക്കാൽ സെന്റ് സ്ഥലം മതി എന്നാണ് കെ.എസ്.ഇ.ബി.എൽ. പറഞ്ഞത്. മുക്കാൽ സെന്റ് സ്ഥലത്ത് ടവർ ഉണ്ടാക്കാൻ കയറിയിട്ട് ഈ സ്വാഭാവിക വനത്തിന്റെ 50 സെന്റ് സ്ഥലത്തെ വൃക്ഷങ്ങൾ മുഴുവൻ പൂർണ്ണമായും നശിപ്പിച്ചുകളഞ്ഞു. മാത്രമല്ല, അതിൽ ഏറ്റവും താഴെനിന്ന് എടുക്കുന്ന ഓക്സിജൻ ഇല്ലാത്ത ചെളി, ഒരു ചെടിപോലും വളരാത്ത മണ്ണ് മുഴുവൻ എടുത്ത് ആ കാവിലേയ്ക്ക് വിതറി. ഇതുപോലെ ഒരിക്കലും ചെയ്യാൻ പാടില്ലാത്ത, അമ്മയും മകളും മാത്രമുള്ള ഒരു കുടുംബത്തിന്റെ അടുക്കളയുടെ തൊട്ടപുറകിൽ ടവർ സ്ഥാപിച്ചത് കണ്ടാൽ സഹിക്കാൻ പറ്റാത്ത ക്രൂരകൃത്യമാണ്. പല പരാതികളും പല രീതിയിലുമൊക്കെ കൊടുത്തെങ്കിലും അതെല്ലാം വൈകിപ്പോയി ഇലക്ഷന്റെ പീക്ക് സമയത്താണ് ഇത് ചെയ്തത്, പലർക്കും അത് ശ്രദ്ധിക്കാൻ പറ്റിയില്ല. അതുകൊണ്ട് ഇന്നിപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിധിയുടെ അടിസ്ഥാനത്തിൽ, പീച്ചിയിലെ കെ.എഫ്.ആർ.ഐ.-യുടെ മുൻപിൽ അവരുടെ മരങ്ങൾക്ക് ദോഷമുണ്ടാകുമെന്ന് പറഞ്ഞുകൊണ്ട്, അണ്ടർഗ്രൗണ്ട് കേബിൾ വലിക്കാനുള്ള ഡയറക്ഷൻ ഹൈക്കോടതി കൊടുത്തിരിക്കുകയാണ്, അത് കെ.എസ്.ഇ.ബി.എൽ. സമ്മതിച്ചിരിക്കുന്നു. ഏത് കാലത്താണ് നമ്മൾ ജീവിക്കുന്നത്, 21-ാം നൂറ്റാണ്ടിലാണ് ജീവിക്കുന്നത്, പാവപ്പെട്ട ആ മനുഷ്യരുടെ ജീവിതകാല സമ്പാദ്യമെന്ന് പറയുന്നത് അവർ താമസിക്കുന്ന സ്ഥലവും വീടുമാണ്, അതിനൊത്ത നടുവിലൂടെ, അവരുടെ നെഞ്ചിലൂടെ ഈ ടവർലൈൻ വലിച്ചാൽ പിന്നീട് ആ സ്ഥലം വിൽക്കാൻ സാധിക്കുകയില്ല. നാളെ മകളുടെ കല്യാണം നടത്താൻ അത് പണയപ്പെടുത്താൻ ബാങ്ക് പോലും സമ്മതിക്കാത്ത സ്ഥിതിയാണ്. ഇപ്പോൾ അണ്ടർഗ്രൗണ്ട് കേബിളിന്റെ കാലഘട്ടമാണ്. ഇത് സ്വാഭാവിക വനമാണ്, കേരളത്തിൽ ഇതുപോലെ ലൈൻ വലിച്ച് സാധാരണക്കാരുടെ കുടുംബം നശിപ്പിക്കുന്ന ഇത്തരം പരിപാടി അവസാനിപ്പിക്കേണ്ടതല്ലേ; എനിക്ക് പറയാനുള്ളത്, ഗവൺമെന്റ് അണ്ടർഗ്രൗണ്ട് കേബിളിനെക്കുറിച്ച് ആലോചിക്കണം. അതേ അവസരത്തിൽ മുക്കാൽ സെന്റ് സ്ഥലം മാത്രം മതിയെന്ന് പറഞ്ഞ്, 50 സെന്റ് സ്ഥലം പൂർണ്ണമായും തകർത്തുകളഞ്ഞ ആ കുടുംബത്തിന് ഇപ്പോൾ കൊടുക്കുന്ന നാമമാത്രമായ നഷ്ടപരിഹാരം കൂടാതെ കാര്യമായ നഷ്ടപരിഹാരം കൊടുക്കാൻ വൈദ്യുതി ബോർഡും ഗവൺമെന്റും തയ്യാറാകണമെന്നാണ് എന്റെ അഭ്യർത്ഥന.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, പള്ളിപ്പുറം, മുനമ്പം, ചെറായി, എടവനക്കാട് എന്നീ പ്രദേശങ്ങളിൽ നിരന്തരമായി ഉണ്ടാകുന്ന വൈദ്യുതി തടസ്സങ്ങളും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിന് 20 വർഷം മുൻപ് 1999 ഏപ്രിൽ മാസത്തിൽ ഭരണാനുമതി നൽകിയ പദ്ധതിയാണ് ചെറായി 110 കെ.വി. സബ്സ്റ്റേഷനും അതിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള മന്നം-ചെറായി പ്രസരണ ലൈനും. മന്നം സബ്സ്റ്റേഷനിൽനിന്നും ചെറായി വരെ 6 കിലോമീറ്റർ പ്രസരണ ലൈൻ നിർമ്മിക്കാനാണ് ഭരണാനുമതി നൽകിയത്. നാൽപ്പതിനായിരത്തിൽപ്പരം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതിയുടെ സർവ്വേ ജോലികൾ 2000-ത്തിൽ തുടങ്ങിയതാണ്. 2008-ൽ ലൈനിന്റെ അലൈൻമെന്റ് അംഗീകരിച്ചെങ്കിലും അതിനുശേഷം നിരവധി പരാതികളും തർക്കങ്ങളും വന്നതിനെത്തുടർന്ന് പദ്ധതി പ്രവർത്തനം ആരംഭിക്കാൻ കഴിയാതെവന്നു. 2013-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഇക്കാര്യത്തിലുണ്ടായ തർക്കങ്ങൾ തീർപ്പാക്കാൻ എറണാകുളം എ.ഡി.എം.-നെ ചുമതലപ്പെടുത്തി.

ബഹുമാനപ്പെട്ട ഹൈക്കോടതി ഒരു അഡ്വക്കേറ്റ് കമ്മീഷനേയും സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിരുന്നു. ഇങ്ങനെ നിയമാനുസൃതം നടന്ന നടപടികളുടെ ഭാഗമായാണ് മന്നം-ചെറായി 110 കെ.വി. ലൈൻ റൂട്ട് ഫൈനലൈസ് ചെയ്തുകൊണ്ട് എ.ഡി.എം. ഉത്തരവ് പുറപ്പെടുവിക്കുകയും ലൈൻ നിർമ്മാണം ആരംഭിക്കുകയും ചെയ്തത്. ശാന്തിവനം ഭൂമിയുടെ ഉടമ, ശ്രീമതി മീനാ മേനോൻ 2013-ൽ ലൈൻ റൂട്ടിനെതിരെ ജില്ലാ കളക്ടർക്ക് പരാതി നൽകുകയും അതിന്മേൽ ഹിയറിംഗ് നടത്തുകയും ചെയ്തിരുന്നു. എന്നാൽ അതിൽ സ്ഥലമുടമയുടെ അഭ്യർത്ഥനപ്രകാരം എ.ഡി.എം.-ന്റെ നിർദ്ദേശമനുസരിച്ച് ശാന്തിവനം ഭൂമിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ടവർ ഭൂമിയുടെ വടക്കേ അതിർത്തിയിലേയ്ക്ക് മാറ്റിസ്ഥാപിക്കുന്ന ആൾട്ടർനേറ്റ് റൂട്ട് കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ചെങ്കിലും ഇത് സ്ഥലമുടമ അംഗീകരിക്കുകയുണ്ടായില്ല. അതേത്തുടർന്ന് കെ.എസ്.ഇ.ബി.എൽ. നിർദ്ദേശിച്ച റൂട്ട് അംഗീകരിച്ചുകൊണ്ട് എ.ഡി.എം. ഉത്തരവിടുകയാണുണ്ടായത്. ഇതിനെതിരെ ഭൂവുടമ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹർജി നൽകിയെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി എ.ഡി.എം. -ന്റെ ഉത്തരവ് അംഗീകരിച്ച് ലൈൻ നിർമ്മാണത്തിന് അനുമതി നൽകുകയാണുണ്ടായത്. ഇതിന് നിയമപരമായ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയാണ് 2018 മാർച്ചിൽ ലൈൻ നിർമ്മാണം തുടങ്ങിയത്. ലൈൻ നിർമ്മാണം ആരംഭിച്ചതിനുശേഷം 2019 ഏപ്രിൽ മാസത്തിൽ വീണ്ടും ജില്ലാ കളക്ടർക്ക് പരാതി കിട്ടിയതിന്റെ അടിസ്ഥാനത്തിൽ ജോലികൾ നിർത്തിവയ്ക്കുകയും കളക്ടർ സ്ഥലം സന്ദർശിക്കുകയും തെളിവെടുപ്പ് നടത്തുകയും ചെയ്തു. ജില്ലാ കളക്ടറുടെ നിർദ്ദേശാനുസരണം നാശനഷ്ടങ്ങൾ പരമാവധി കുറയ്ക്കുന്ന നിലയിൽ നിർമ്മാണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുകയുണ്ടായി. സാധാരണ ടവറുകളേക്കാൾ വിസ്തൃതി കുറഞ്ഞ ടവർ ഉപയോഗിച്ചാണ് ഇവിടെ നിർമ്മാണം നടത്തിയിട്ടുള്ളത്. ഇതിന് ആകെ ഒരു സെന്റിൽ താഴെ ഭൂമി മാത്രമേ ആവശ്യമായി വന്നിട്ടുള്ളൂ. ടവറിന്റെ ഉയരം 3 മീറ്റർ വർദ്ധിപ്പിക്കുകയും ചെയ്തു. സാധാരണ ടവറിനെക്കാഴിഞ്ഞും 3 മീറ്റർ വർദ്ധിപ്പിച്ച്, നാശനഷ്ടങ്ങൾ കുറച്ച്, 48 മരങ്ങൾ മുറിച്ച് മാറ്റേണ്ടിയിരുന്നത്. ഒരു പൈൻ, ഒരു തെങ്ങ്, ഒരു കമുക് എന്നിങ്ങനെ മൂന്ന് മരങ്ങൾ മാത്രമായി കുറയ്ക്കാൻ ഇതുമൂലം കഴിഞ്ഞു. ലൈനിൽ തട്ടാതിരിക്കാൻ 5 മരങ്ങളുടെ ചില്ലകളും മുറിച്ചുമാറ്റേണ്ടി വന്നു. ഇങ്ങനെ പാരിസ്ഥിതിക നാശമില്ലാതെയാണ് ടവർ നിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തീകരിച്ചിരിക്കുന്നത്. ശാന്തിവനം ഭൂ ഉടമ ശ്രീമതി മീനാ മേനോൻ ഇവിടെയുള്ള മരങ്ങളും പച്ചപ്പും നശിച്ചുപോകാതെ കാത്തുസൂക്ഷിക്കുന്നതിൽ നല്ല ഇടപെടൽ നടത്തിയിട്ടുണ്ടെന്നത് വസ്തുതയാണ്. എന്നാൽ ശാന്തിവനം പ്രദേശം പരിസ്ഥിതി ലോല മേഖലയോ, നോട്ടിഫൈഡ് വനമേഖലയോ അല്ല. നിർമ്മാണ പ്രവർത്തനങ്ങൾ ഈ പ്രദേശത്തിന്റെ പരിസ്ഥിതിയെയോ, ജൈവ വൈവിദ്ധ്യത്തെയോ പ്രതികൂലമായി ബാധിച്ചിട്ടില്ല. ശ്രീമതി മീനാ മേനോന്റെ പരിസ്ഥിതി സംരക്ഷണത്തിനുള്ള താൽപര്യത്തെയും മരങ്ങൾ സംരക്ഷിച്ച് പച്ചപ്പ് നിലനിർത്താൻ സ്വീകരിച്ച ഇടപെടലുകളെയും ബഹുമാനിച്ചുകൊണ്ടാണ് പാരിസ്ഥിതിക നാശം പരമാവധി കുറയ്ക്കുന്ന നിലയിൽ ലൈൻ നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചത്. ചെറുതെങ്കിലും അവിടെ മുറിച്ചുനീക്കേണ്ടി വന്ന മരങ്ങൾക്കുപകരം പരിഹാരമായി വനവൽക്കരണമടക്കമുള്ള നടപടികൾ വൈദ്യുതി ബോർഡിന്റെ ഭാഗത്തുനിന്നും ഉണ്ടാകും. ടവർ സ്ഥാപിക്കുന്നതിനുവേണ്ടി ഉപയോഗിച്ച ഭൂമിക്കും മുറിച്ച് മാറ്റേണ്ടി വന്ന മരങ്ങൾക്കും നിയമാനുസൃതമുള്ള നഷ്ടപരിഹാരം നൽകുന്നതാണ്. നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ 20 വർഷങ്ങൾക്ക് മുൻപാണ് ഈ ലൈനിന്റെ അനുമതി നൽകുന്നത്. 2008-ൽത്തന്നെ സർവ്വേ ജോലികൾ കഴിഞ്ഞു. 2013 -ൽ ഉണ്ടായ തർക്കങ്ങളും കേസുകളുമൊക്കെ നിയമാനുസൃതം പരിഹരിച്ച് 2017-ൽ എ.ഡി.എം. ഉത്തരവിട്ടു. 2018 മാർച്ചിൽ പണി തുടങ്ങി, ഹൈക്കോടതിയിൽ ഹർജി സമർപ്പിക്കുകയും എ.ഡി.എം.-ന്റെ ഉത്തരവ് ശരിവച്ചുകൊണ്ട് ഹൈക്കോടതി ഉത്തരവുണ്ടാകുകയും ചെയ്തു. എന്നാൽ ലൈൻ നിർമ്മാണം -ശാന്തിവനത്തിലെ ഒരു ടവർ ഒഴിച്ച് മറ്റെല്ലാം പൂർത്തിയായ സന്ദർഭത്തിലാണ് ഈ വിഷയം ശ്രദ്ധയിൽ കൊണ്ടുവരുന്നത്. നിയമപരമായ എല്ലാ നടപടിക്രമങ്ങളും പൂർത്തിയായി ലൈൻ നിർമ്മാണം അന്തിമഘട്ടത്തിലായിരിക്കുമ്പോൾ എന്തെങ്കിലും മാറ്റം വരുത്താൻ കഴിയുന്ന സ്ഥിതി ഉണ്ടായിരുന്നില്ല. സർക്കാർ ഇക്കാര്യത്തിൽ തികച്ചും ന്യായയുക്തമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ഇതുസംബന്ധിച്ച് പ്രമുഖ പാരിസ്ഥിതിക പ്രവർത്തകനായ ശ്രീ. ബി. എസ്. വിജയൻ ഈ ചർച്ചകളിലെല്ലാം പങ്കെടുത്തതാണ്. അതിൽ മന്ത്രിയെന്ന നിലയിൽ ഞാനും ഗവൺമെന്റും എടുത്ത നിലപാടിനെ പൊതുവേ അദ്ദേഹം അനുകൂലിക്കുകയാണ് ചെയ്തത്. തുടർന്ന് ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയാത്ത അവസ്ഥയിലാണ്. കോടതി നടപടികളെല്ലാം അവസാനിച്ചിട്ടുണ്ടെന്നുള്ള കാര്യവും ഈ അവസരത്തിൽ

അറിയിക്കാൻ ആഗ്രഹിക്കുകയാണ്. നിയമപരമായി അവർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണ്. ആ കാര്യത്തിലൊക്കെ നല്ല മനോഭാവം മാത്രമേ ബോർഡും ഗവൺമെന്റും സ്വീകരിച്ചിട്ടുള്ളൂ. 40000 കുടുംബത്തിന്റെ കാര്യമാണ്; അവർക്ക് വൈദ്യുതി എത്തിക്കുന്നതിന് ഇത്തരം പ്രോജക്ടുകൾ വരുമ്പോൾ ചില ദോഷങ്ങൾ വരുമെന്നുള്ളത് സ്വാഭാവികം, അതിന് പരിഹാരമുണ്ടാക്കാൻ കഴിയാവുന്നിടത്തോളം ശ്രമിക്കുമെങ്കിലും പൊതുതാൽപ്പര്യമുള്ളതുകൊണ്ട് കഴിയുകയില്ലെന്നുള്ള കാര്യവും ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു.

### (11) കഞ്ചിക്കോട് - പുതുശ്ശേരി വ്യവസായ മേഖല

ശ്രീ. ഷാഫി പറമ്പിൽ: സർ, ജൂൺ 27 എന്നത് അന്താരാഷ്ട്ര തലത്തിൽ United Nations-ന്റെ ആഭിമുഖ്യത്തിൽ ഇന്റർ നാഷണൽ MSME (Micro, Small & Medium Enterprises) day അഥവാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ദിനമായി ആഘോഷിക്കുന്ന ദിവസമാണ്. മൂന്ന് പേർ പ്രവർത്തിക്കുന്ന സൂക്ഷ്മ വ്യവസായം മുതൽ അയ്യായിരം പേർക്ക് ജോലിയെടുക്കാവുന്ന വലിയ സംരംഭങ്ങൾ വരെയുള്ള സ്ഥലമാണ് പാലക്കാട് കഞ്ചിക്കോട് വ്യവസായ മേഖല. 2030-ൽ ലോകത്തിന്റെ Working age population -ന്റെ ഒരു ജോബ് ഡിമാന്റ് എന്നുപറയുന്നത് 600 മില്യൺ ആയിരിക്കും. അതിന്റെ 90 ശതമാനവും ഇത്തരം സ്ഥാപനങ്ങളിലൂടെ കടന്നുവരേണ്ടതാണെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. എന്നാൽ ആ വ്യവസായ മേഖലയിൽനിന്നും ഇപ്പോൾ കേൾക്കുന്ന വാർത്തകൾ പോസിറ്റീവല്ല എന്നുള്ളത് ഒരു പ്രധാനപ്പെട്ട ഘടകമാണ്. കഞ്ചിക്കോട് മുതൽ വാളയാർ വരെയുള്ള എട്ട് മുതൽ പത്ത് കി.മീറ്റർ പ്രദേശത്ത് അറുനൂറോളം വ്യവസായങ്ങളും പതിനായിരക്കണക്കിന് ആളുകൾ തൊഴിലെടുത്തിരുന്ന സ്ഥാപനങ്ങളുമുണ്ട്. പല കാരണങ്ങൾകൊണ്ട് അവിടെ വലിയ പ്രതിസന്ധി കളുണ്ടാകുകയും ചില സ്ഥാപനങ്ങൾ അടച്ചുപൂട്ടിപ്പോകുന്ന സാഹചര്യമുണ്ടാകുകയുമാണ്. പ്രത്യേകിച്ച് നോട്ട് നിരോധനം, ജി.എസ്.ടി.-യുടെ ഇംപ്ലിമെന്റേഷൻ തുടങ്ങിയവയ്ക്കുശേഷം വലിയ പ്രയാസങ്ങൾ അവിടെ സൃഷ്ടിക്കപ്പെടുകയാണ്. പത്ത് കി.മീറ്റർ അപ്പുറത്തേയ്ക്ക് യാത്രചെയ്താൽ കോയമ്പത്തൂരിന്റെ ഭാഗമായിട്ടുള്ള പ്രദേശങ്ങളുണ്ട്, അവിടേയ്ക്ക് എക്സ്പാൻഷനുവേണ്ടിയും മറ്റുകാര്യങ്ങൾക്കുമായും ഇവ പോകുകയാണ്. കഴിഞ്ഞ ദിവസം അടച്ചുപൂട്ടിയ Marico Ltd. Kanjikode-ൽ 110 സ്ഥിരം തൊഴിലാളികളും 60 കോൺട്രാക്ട് തൊഴിലാളികളുമുണ്ടായിരുന്നു. അവർ

LIBRARY ARCHIVES Kerala Legislative Assembly